**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5114** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 22.03.2017ലെ സ.ഉ(എം.എസ്) നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പകൊണ്ട്പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ സ.ഉ(കൈ) നം.1192/2017/ കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നിവ മൂലമുള്ള വിളനാശത്തിനാണ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നത്. 27.10.2017ലെ സ.ഉ.(സാധാ)നം. 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയുംകീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28.12.2017ലെ സ.ഉ.(കൈ) നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി |

| | | | |
|---|---|---|---|
| | | | ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12.12.2018 തീയതിയിലെ സ.ഉ.(സാധാ)നം.1198/2018/കൃഷി നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| (ബി) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായാൽ മാത്രമാണോ കാർഷികവിള ഇൻഷുറൻസ് ലഭ്യമാവുക എന്നറിയിക്കാമോ; വന്യ ജീവികളുടെ ശല്യം കാരണം കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് വിള ഇൻഷുറൻസ് ലഭ്യമാവുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം (വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ) മൂലവും, വന്യജീവി ആക്രമണം മൂലവുമുള്ള വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് നടപ്പിലുള്ള കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാനം നടപ്പാക്കുന്ന വിള ഇൻഷുറൻസിലും ഒരേ സമയം ഒരേ വിളകൾക്ക് ഇൻഷുർ ചെയ്യാനാകുമോ; കൃഷിനാശം സംഭവിച്ചാൽ എല്ലാ ഇൻഷുറൻസ് പദ്ധതികളിൽ നിന്നുമുള്ള നഷ്ടപരിഹാരം ലഭിക്കുമോ; വ്യക്തമാക്കാമോ; | (സി) | പ്രധാൻമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (RWBCIS) എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ. ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്ത പൊതുമേഖല കമ്പനിയായ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി (AICIL)യാണ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. PMFBY പദ്ധതി പ്രകാരം വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിന് കർഷകർക്ക് ആനുകൂല്യം നൽകുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് PMFBY പദ്ധതിയുടെ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ നെല്ലും എല്ലാ ജില്ലകളിലെയും വാഴയും, മരച്ചീനിയുമാണ് പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളത്. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം കാലാവസ്ഥാ വ്യതിയാനം മൂലം വിജ്ഞാപനം ചെയ്ത വിളകൾക്ക്സംഭവിക്കാവുന്ന നഷ്ടത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ള സൂചന കാലാവസ്ഥാ നിലയങ്ങളിൽ നിന്നും ലഭ്യമാകുന്ന കാലാവസ്ഥാ വിവരങ്ങളുടെയും ടേം ഷീറ്റിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിച്ച് നൽകുന്നു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ ഇതിനായി കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലും ഒരേ വിളകൾ അതാത് പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രീമിയം തുക അടച്ച് ഇൻഷ്വർ ചെയ്യാവുന്നതാണ്. കൃഷി നാശം സംഭവിച്ചാൽ കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന, ഇൻഷുറൻസ്പദ്ധതികളിൽ അംഗമായ എല്ലാ കർഷകർക്കും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതാണ്. |
| (ഡി) | വന്യജീവികളുടെ ആക്രമണം കാരണം കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന തരത്തിലുള്ള കാർഷിക ഇൻഷുറൻസ് പദ്ധതികളുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമോ, വന്യജീവി ആക്രമണം മൂലമോ പൂർണ്ണമായ നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ